ലോകം കോവിഡ് -19 ഭീതിയിലാണ്. മാസ്കും ഹാൻഡ് വാഷും സാനിറ്റൈസറും നമ്മുടെ "പുതു സാധാരണ ജീവിതത്തിന്റെ " ഭാഗമായി കഴിഞ്ഞു. മുമ്പ് ഡോക്ടർമാരുടെ മേശപ്പുറത്തു മാത്രം കണ്ടിരുന്ന ഹാൻഡ് സാനിറ്റൈസർ ഇന്ന് നിരത്തിലെ അവശ്യ വസ്തുവായിരിക്കുന്നു.

"ബാങ്ക് ഉൾപ്പടെയുള്ള സ്ഥാപനങ്ങളുടെ മുമ്പിൽ പൊതു ഉപയോഗത്തിന് വെച്ചിരിക്കുന്ന, സാനിറ്റൈസർ ബോട്ടിൽ രോഗവാഹിയായ ഒരാൾ ഉപയോഗിച്ചാൽ പിന്നീട് അത് ഉപയോഗിക്കുന്നവർക്ക് രോഗബാധയുണ്ടാകാൻ സാധ്യത ഉണ്ടോ? ". ആദ്യ കേൾവിയിൽ ചിരിച്ചു തള്ളാവുന്ന ഒരു ചോദ്യമായി തോന്നുമെങ്കിലും അത്തരമൊരു സാധ്യത പാടേ അവഗണിക്കാൻ ആവുമോ?. ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്തുകയും തന്റെ ഉത്തരത്തെ നിരന്തരം പരിഷ്കരിക്കുകയും ചെയ്യുന്ന പ്രതിഭയാണ് ഈയാഴ്ച്ചയിലെ ടാലന്റഡ് ബാങ്കർ.

**ഹൃഷികേശ്. ബി**
**ഫെഡറൽ ബാങ്ക്**
**കൂത്തുപറമ്പ് ശാഖ.**

കണ്ണൂർ ജില്ലയിലെ കോടിയേരിയിൽ റിട്ടയേർഡ് പ്രൈമറി സ്കൂൾ അധ്യാപക ദമ്പതികളായ കെ. എം ബാലൻ മാഷിന്റെയും (മുൻകാല പരിഷത്ത് പ്രവർത്തകൻ ) ശൈമളടീച്ചറിന്റെയും ഇളയ മകനാണ് ഹൃഷികേശ്. ജ്യേഷ്ഠൻ, സിദ്ധാർഥ് കാനഡയിൽ ആരോഗ്യപ്രവർത്തകൻ ആണ്.

അച്ഛൻ പഠിപ്പിച്ചിരുന്ന വയലളം വെസ്റ്റ് എൽ പി സ്കൂളിൽ ആയിരുന്നു ഹൃഷികേശിന്റെ പ്രൈമറി സ്കൂൾ വിദ്യാഭ്യാസം. പിന്നീട് പത്താം ക്ലാസ്സ് വരെ സെന്റ്. ജോസഫ് എച്ച് എസ് എസ്, തലശ്ശേരിയിൽ. ഗവണ്മെന്റ് ബ്രണ്ണൻ എച്ച് എസ് എസ് തലശ്ശേരിയിൽ നിന്ന് പ്ലസ് ടൂ പാസ്സായ ഹൃഷികേശ് ഗവണ്മെന്റ് ബ്രണ്ണൻ കോളേജ് തലശ്ശേരിയിൽ ഭൗതിക ശാസ്ത്രത്തിൽ ബിരുദത്തിന് ചേർന്നെങ്കിലും പഠനം തുടങ്ങി രണ്ടു മാസമായപ്പോഴേക്കും എഞ്ചിനീയറിങ്ങിനു പ്രവേശനം ലഭിച്ചതിനാൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്യാമ്പസിൽ മെക്കാനിക്കൽ എഞ്ചിനീയറിങ്ങിന് ചേർന്നു. വിദ്യാർത്ഥി രാഷ്ട്രീയത്തിൽ സജീവമായിരുന്ന ഹൃഷികേശ് യൂണിവേഴ്സിറ്റി കോളേജിലെ SFI യൂണിറ്റ് സെക്രട്ടറി ആയിരുന്നു.

കുട്ടിക്കാലം മുതൽ സാമൂഹിക പ്രവർത്തനങ്ങളിൽ തല്പരനായിരുന്നു ഹൃഷികേശ്. കോടിയേരിയിൽ പ്രാദേശികമായി രൂപീകരിച്ച ഇക്കോ

ടൂറിസം ക്ലബ് കുറഞ്ഞ ചിലവിൽ യാത്രകൾ സംഘടിപ്പിച്ചിരുന്നു. അങ്ങനെ, എഞ്ചിനീയറിംഗ് പഠന കാലത്ത്, 2008 ൽ നടത്തിയ നേപ്പാൾ യാത്ര ഇന്നും അദ്ദേഹം ഓർമ്മയിൽ സൂക്ഷിക്കുന്നു. ടൂറിസം ക്ലബ് അംഗങ്ങൾ, പിന്നീട് "ആശ്രയ" എന്ന പേരിൽ ഒരു ചാരിറ്റബിൾ സൊസൈറ്റി രൂപീകരിച്ചു.മലബാർ കാൻസർ സെൻ്ററിൽ നിന്നും കീമോതെറാപ്പി കഴിഞ്ഞ പാവപ്പെട്ട അർബുദ രോഗികൾക്ക് താമസവും ഭക്ഷണവുമൊരുക്കുന്ന ഈ സൊസൈറ്റിയുടെ നാലുനില കെട്ടിടത്തിൽ അൻപതോളം രോഗികളും കൂട്ടിരിപ്പുകാരും ഇപ്പോഴും താമസിച്ചു കൊണ്ടിരിക്കുന്നു. ശ്രീ. കോടിയേരി ബാലകൃഷ്ണൻ രക്ഷാധികാരിയായ ആശ്രയയുടെ ഡയറക്ടർ ആണ് ഹൃഷികേശിന്റെ അമ്മ ശൈമള.
നിലവിലെ എ പ്ലസ് ഗ്രന്ഥാലയമായ കോടിയേരി ദേശീയ വായനശാല & ഗ്രന്ഥാലയത്തിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിമെമ്പർ കൂടിയാണ് ഹൃഷികേശ്.

എഞ്ചിനീയറിംഗ് പഠനത്തിന് ശേഷം നാട്ടിൽ ഗണിതം, റീസണിങ് തുടങ്ങിയ വിഷയങ്ങളിൽ പി എസ് സി, ബാങ്ക് പരീക്ഷകൾക്കായി ക്ലാസുകൾ എടുത്തിരുന്നു . ആയിടെയാണ് ഐ ബി പി എസ് പരീക്ഷ പാസ്സാകുന്നത്. 2012ൽ ഫെഡറൽ ബാങ്കിൽ ക്ലർക്കായി ഹൃഷികേശ് തന്റെ ബാങ്കിംഗ് ജീവിതം ആരംഭിച്ചു. കുമളിയിൽ ആയിരുന്നു ആദ്യ പോസ്റ്റിങ്ങ്. പിന്നീട് ഉള്ളിയേരിയിൽ ജോലി നോക്കി. ഇപ്പോൾ കൂത്തുപറമ്പ് ശാഖയിൽ ആണ്. സംഘടനാ പ്രവർത്തനത്തിലും താല്പ്പരനായ ഹൃഷികേശ് നിലവിൽ ഫെഡറൽ ബാങ്ക് സ്റ്റാഫ് യൂണിയന്റെ സെൻട്രൽ അസിസ്റ്റന്റ് സെക്രട്ടറിയും BEFI കണ്ണൂർ ജില്ലാ കമ്മറ്റി അംഗവുമാണ്.

ബാങ്ക് ജോലിയും സാമൂഹിക, സംഘടനാ പ്രവർത്തനങ്ങളുമായി കഴിയുന്നതിനിടയിലാണ് കോവിഡ് 19 എന്ന മഹാമാരിയുടെ വേരറുക്കാൻ രാജ്യം ലോക്ക് ഡൗണിലേക്ക് പോകുന്നത്. ബാങ്കിൽ പോകുന്ന വഴിയിൽ, ഈ പ്രതിസന്ധിഘട്ടത്തിലും ജനങ്ങൾക്ക് വേണ്ടി തെരുവിൽ നിൽക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് തന്നാലാവുന്ന കരുതൽ നൽകുക എന്നത് തന്റെ കടമയാണെന്ന തിരിച്ചറിവിൽ ഹൃഷികേശ് അവർക്ക് പഴങ്ങളും മറ്റും വിതരണം ചെയ്തു. ആദ്യ ദിവസങ്ങൾക്ക് ശേഷം, രോഗവ്യാപന ഭീഷണി നിലനിൽക്കുന്ന ഈ ഘട്ടത്തിൽ അത്തരം സഹായങ്ങൾ സ്വീകരിക്കാൻ ആവില്ല എന്ന കാരണത്താൽ പോലീസ് ഉദ്യോഗസ്ഥൻ ഹൃഷികേശിനെ സ്നേഹപൂർവ്വം വിലക്കി. "മലയാള മനോരമ" ദിനപത്രത്തിൽ, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ തോളോട് തോൾ ചേർന്ന് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളുടെ പ്രതിനിധികൾ അനുഭവങ്ങൾ എഴുതുന്ന "സൂപ്പർ ഹീറോസ് " എന്ന പംക്തിയിൽ

ബാങ്കിംഗ് മേഖലയെ പ്രതിനിധീകരിച്ചത് ഹൃഷികേശ് ആണ്.

ലോക്ക്ഡൗൺ ആണെങ്കിലും പെൻഷൻ വിതരണം ആരംഭിച്ചതോടെ ബാങ്കിൽ തിരക്ക് ആയിത്തുടങ്ങി. ബാങ്കിങ് ഹാളിൽ പ്രവേശിക്കാവുന്ന ഇടപാടുകാരുടെ എണ്ണം നിയന്ത്രിച്ചും സാനിറ്റൈസർ ഉപയോഗം ഉറപ്പിച്ചും "ബ്രേക്ക് ദ ചെയിൻ " ഉദ്യമത്തിന്റെ ഭാഗമാവാൻ ബാങ്ക് ജീവനക്കാർ ശ്രമിച്ചു. സാമൂഹിക അകലം പാലിച്ച്, സ്പർശനങ്ങൾ പരമാവധി കുറച്ചു വൈറസ് പെരുക്കത്തിന്റെ കണ്ണി മുറിക്കാനുള്ള യുദ്ധത്തിൽ തനിക്ക് എന്ത് ചെയ്യാനാവും എന്ന ഹൃഷികേശിന്റെ ചിന്ത, "ഓട്ടോമാറ്റിക് ഹാൻഡ് സാനിറ്റൈസർ ഡിസ്പെൻസർ " എന്ന ആശയത്തിൽ ഉടക്കി നിന്നു. സാനിറ്റൈസർ ഉപയോഗിക്കാൻ ബോട്ടിലിൽ തൊടേണ്ട. പകരം യന്ത്രത്തിന്റെ താഴെ കൈ കാട്ടിയാൽ മതി. സാനിറ്റൈസർ തനിയെ കയ്യിലേക്ക് വീഴും . പുതുമയുള്ള ഈ ആശയത്തിന് ഫെഡറൽ ബാങ്ക് കൂത്തുപറമ്പ് ശാഖാ മാനേജർ, വിവേക് സർവ്വ വിധ പിന്തുണയും വാഗ്ദാനം ചെയ്തു . സഹപ്രവർത്തകരായ ശിശിർ, ആശ, തുഷാര, ആശാമോൾ, റീന, ഷീബ തുടങ്ങിയ സഹപ്രവർത്തകരുടെ പ്രോത്സാഹനം കൂടിയായപ്പോൾ തന്റെ ആശയത്തിന് ചിറക് മുളപ്പിക്കാൻ ഹൃഷികേശ് മുന്നിട്ടിറങ്ങി.

പല യൂ ട്യൂബ് വീഡിയോകളും കണ്ട്, സെൻസർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന യന്ത്രങ്ങളെപ്പറ്റി മനസ്സിലാക്കിയ ഹൃഷികേശ് ഒരു മൾട്ടിവുഡ് ബോർഡ് സ്റ്റാൻഡിൽ ഇൻഫ്രാ റെഡ് സെൻസർ ഉപയോഗിച്ച് "സെൻസർ ബേസ്ഡ് ഹാൻഡ് സാനിറ്റൈസർ ഡിസ്പെൻസർ " നിർമ്മിച്ചു. വൈറസ് ശൃംഖല മുറിക്കാനുള്ള പുതിയ ആയുധത്തിന് വൻപിച്ച പ്രതികരണമാണ് ബാങ്കിൽ നിന്നും ഇടപാടുകാരിൽ നിന്നും ഉണ്ടായത്. ഫെഡറൽ ബാങ്ക്, ഡെപ്യൂട്ടി വൈസ് പ്രസിഡന്റും കണ്ണൂർ റീജിയണൽ ഹെഡും ആയ ശ്രീ. സന്തോഷ് കുമാർ വി. സി കൂത്തുപറമ്പ് ശാഖയിൽ നേരിട്ടെത്തി, ഹൃഷികേശിനെ അഭിനന്ദിച്ചു.

പക്ഷേ, തന്റെ യന്ത്രത്തിന്റെ ബാലാരിഷ്ടതകൾ കാരണം അത്ര സന്തുഷ്ടനായിരുന്നില്ല ഹൃഷികേശ്. സാനിറ്റൈസർ ഡിസ്പെൻസർ പകൽ വെളിച്ചത്തിൽ ഒരു റൂമിന് പുറത്തു വെച്ചാൽ വെറുതെ പ്രവർത്തിച്ചു കൊണ്ടേയിരിക്കും. സൂര്യപ്രകാശത്തിലെ ഇൻഫ്രാ റെഡ് കിരണങ്ങൾ മൂലമാണിത് എന്ന് മനസ്സിലാക്കിയ ഹൃഷികേശ് IR സെൻസർ മാറ്റി അൾട്രാ സോണിക് സെൻസർ ഘടിപ്പിച്ചു. ഒരു പ്രത്യേക ദൂരം നിശ്ചയിക്കുകയും ആ ദൂരത്തിനിടെ ഒരു തടസ്സം വന്നാൽ സാനിറ്റൈസർ പുറത്ത് വരികയും ചെയ്യുന്ന രീതിയിൽ ആയിരുന്നു പുതിയ യന്ത്രത്തിന്റെ പ്രവർത്തനം. സുഹൃത്തായ ആഷിത്തിന്റെ സഹായത്തോടെ ചിപ്പിൽ പ്രോഗ്രാം ചെയ്ത് സാനിറ്റൈസർ ഡിസ്പെൻസറിനെ ഒന്നുകൂടി സ്മാർട്ട് ആക്കി. ഒരു

സോളിനോയ്ഡ് വാൽവ് കൂടി ഘടിപ്പിച്ച് ഒരു ഉപയോഗത്തിൽ പുറത്തു വരേണ്ട സാനിറ്റൈസറിന്റെ അളവും നിയന്ത്രിച്ചു.
ഒരു സബ് മെർജബിൾ മോട്ടോർ സാനിറ്റൈസർ ബോട്ടിലിന്റെ ഉള്ളിൽ വെച്ചാണ് സാനിറ്റൈസർ പുറത്തേക്ക് പമ്പ് ചെയ്തു കൊണ്ടിരുന്നത്. സാനിറ്റൈസർ ആൽക്കഹോൾ അടിസ്ഥാനമായതിനാൽ കത്തി പോകാനുള്ള സാധ്യത, (അത് വളരെ ചെറുതെങ്കിലും )കണക്കിലെടുത്ത് മോട്ടോർ സാനിറ്റൈസർ ടാങ്കിന് പുറത്താക്കി. ഒരു എയർ പമ്പ് ഉപയോഗിച്ച് ഒരു ട്യൂബ് ബോട്ടിലിന് ഉള്ളിലും ഒന്ന് പുറത്തും വെച്ച്, വായൂ മർദ്ദം ഉപയോഗിച്ച് സാനിറ്റൈസർ പമ്പ് ചെയ്യുന്ന രീതിയിലേക്ക് മാറി.

ബാംഗ്ലൂർ ആസ്ഥാനമാക്കിയുള്ള ഒരു ഇലക്ട്രോണിക്സ് കമ്പനി കുറച്ചു കൂടി മെച്ചമായ ഒരു ഓട്ടോമാറ്റിക് സാനിറ്റൈസർ ഡിസ്പെൻസർ നിർമ്മിക്കുന്നുണ്ട് എന്നറിഞ്ഞ ഹൃഷികേശ് അവരെ സാങ്കേതിക ഉപദേശത്തിനായി ബന്ധപ്പെട്ടു. ഇൻഫ്രാറെഡ് അടിസ്ഥാനത്തിൽ ഉള്ള ഉപകരണം ആണ് അതെങ്കിലും സൂര്യപ്രകാശത്തിന്റെ പ്രശ്നം അതിനില്ല. അവിടുത്തെ ശരവണൻ , എന്ന ഉദ്യോഗസ്ഥൻ ഹൃഷികേശിന് പുതിയ സാങ്കേതിക വിദ്യ അനുസരിച്ചുള്ള ബോർഡ് നിർമ്മിച്ചു നൽകാം എന്ന് സമ്മതിച്ചു.

വൈദ്യുതി ആയിരുന്നു അടുത്ത പ്രശ്നം. അതു വരെ കണ്ടിരുന്ന സാനിറ്റൈസർ ഡിസ്പെന്സറുകൾക്ക് എല്ലാം സ്ഥിരം പവർ കണക്ഷൻ ആവശ്യമായിരുന്നു. ഹൃഷികേശിന്റെ ബന്ധു കൂടിയായ ടി വി മെക്കാനിക് നിഖിലിന്റെ സഹായത്തോടെ പുതിയ ഒരു ബാറ്ററി നൽകി ആ പ്രശ്നവും പരിഹരിച്ചു. 3-4 ദിവസം ബാക്ക് അപ്പ് ലഭിക്കുന്ന മികച്ച ബാറ്ററിയാണ് ഇപ്പോഴത്തെ സാനിറ്റൈസർ ഡിസ്പെൻസറിന്.

ഫെഡറൽ ബാങ്കിന്റെ ബ്രാന്റിങ് ശൈലിയിലുള്ള ഡിസൈനിൽ ബസർ ശബ്ദവും, രാത്രിയിൽ എ ടി എം ഇടപാടുകാരുടെ ശ്രദ്ധ ആകർഷിക്കാൻ, എൽ. ഇ.ഡി ഇൻഡിക്കേഷനും ഒക്കെയായി കാഴ്ചക്കും സുന്ദരമാണ് ഹൃഷികേശിന്റെ ഏറ്റവും പുതിയ ഓട്ടോമാറ്റിക് സാനിറ്റൈസർ ഡിസ്പെൻസർ. ഡിസൈനിങ്ങിലും ആശയവിപുലീകരത്തിലും സുഹൃത്തുക്കളായ രൂപേഷ്, സൂരജ് ബർസ , അഗീഷ് എന്നിവർ ഹൃഷികേശിനൊപ്പം തോൾ ചേർന്ന് നിന്നു. ഫെഡറൽ ബാങ്ക് സ്റ്റാഫ് യൂണിയനും BEFI യും ക്യൂബ് ഫാമിലിയും വലിയ പ്രോത്സാഹനം നൽകി. ഡോ. സുനിത്, ഡോ. ജിബിൻ, ഡോ. അരുൺ, അർജ്ജുൻ തുടങ്ങിയവരുടെ അകമഴിഞ്ഞ സഹകരണവും ഹൃഷികേശ് നന്ദിയോടെ ഓർക്കുന്നു.

ഫെഡറൽ ബാങ്ക് കൂത്തുപറമ്പ് ബ്രാഞ്ചിൽ ഇന്ന് ജീവനക്കാർക്കും

ഇടപാടുകാർക്കുമായി രണ്ടു സാനിറ്റൈസർ ഡിസ്പെൻസർ ഉണ്ട്. ഫെഡറൽ ബാങ്ക് ജീവനക്കാരനായ തൃശൂർ സ്വദേശി മണികണ്ഠൻ നിർദേശിച്ച തെർമൽ സെൻസർ കൂടി ഉൾപ്പെടുന്ന സാനിറ്റൈസർ ഡിസ്പെൻസർ എന്ന ആശയത്തിന്റെ സാധ്യത തിരയുകയാണ് ഹൃഷികേശ് ഇപ്പോൾ.

രസതന്ത്രത്തിൽ ബിരുദാനന്തര ബിരുദധാരിണിയായ ലിൻഷയാണ് ഹൃഷികേശിന്റെ ജീവിതസഖി. ഒരു വയസ്സുകാരി മകൾ, സാൻവിയ ഹൃഷികേശിന്റെയും ലിൻഷയുടെയും ജീവിതത്തെ കൂടുതൽ സുന്ദരമാക്കുന്നു .

പ്രതികൂല സാഹചര്യങ്ങളിലാണ് വീര നായകന്മാർ ഉദയം കൊള്ളുന്നത്. മനുഷ്യരാശിയാകെ അദൃശ്യനായ ഒരു ശത്രുവുമായി പോരാടുന്ന ഇക്കാലത്ത് ചുറ്റുമുള്ള ലോകത്തിനായി തന്റെ പ്രതിഭയും ഊർജ്ജവും സമയവും ചിലവാക്കിയ ഹൃഷികേശ്, നിങ്ങൾ ഒരു സൂപ്പർ ഹീറോയാണ്. കരിയറിലും ജീവിതത്തിലും നന്മകൾ നേരുന്നതിനൊപ്പം ഹൃദയം കൊണ്ട് ഞങ്ങൾ നിങ്ങളെ സല്യൂട്ട് ചെയ്യുന്നു.

നിങ്ങളെപ്പോലെയുള്ളവർ ഇവിടെയുള്ളപ്പോൾ നമ്മൾ എങ്ങനെ തോറ്റുപോവാനാണ്?

**English Version**

World has been battling with an imperceptible adversary;COVID 19 which affrights it boundless.Mask, handwash and sanitizer have become an integral part of our day to day lives.

In the event of a sanitizer being used by some one who is a carrier of the disease, will some one else who uses it later on has the likelihood of contracting the virus? Though it is a query which can be seemingly set aside and ridiculed at, chances are slim that it is abjectly brushed aside. There is some one among us who had been in quest of an answer to this query and found himself triumphant for that matter to reinvent his answer time and again.

Hrishikesh B
Federal Bank
Koothuparambu Branch

Hrishikesh is the younger son of Mr KM Balan(Former Parishad activist) and Ms Saimala.His

sibling, Mr Sidharth is working in Health Sector in Canada.

Hrishikesh had his primary education at Vayalalam West LP School where his father worked. There after he studied in St Joseph's HSS Thalassery upto tenth standard.After completion of his plus two from Govt Brennan HSS Thalassery, he joined Govt. Brennan College Thalassery to pursue his graduation in physics.After ten months he got admission in Mechanical Engineering in Calicut University. Hrishikesh was the SFI Unit secretary of his college.

Hrishikesh was into community service since his childhood. Hrishikesh cherishes the memory of his journey to Nepal in 2008 which was organized by Eco tourism club at low cost.

Ashraya, a charitable society instituted by members of the tourism club provides food and accommodation facilities to cancer patients undergoing chemotherapy sessions at Malabar Cancer Centre.As many as 50 patients and their bystanders stay in their four storeyed building.

Hrishikesh's mother Mrs Saimala is the director of Ashraya the trustee of which is Shri. Kodiyeri Balakrishnan.It's worth mentioning that Hrishikesh is the executive Committee member of Kodiyeri National Library.

After completing his engineering course, Hrishikesh used to handle Maths and reasoning sessions for PSC aspirants.Its during those days that he got through IBPS examination and got recruited as a clerk in Federal Bank. His first place of posting was Kumili. Later on he worked in Ulliyeri Branch and presently he is working in Koothuparambu branch. It's amid his active life as a banker and social worker, covid 19 grappled the nation.

Enroute to his bank he used to distribute fruits to policemen who perseveringly served as a strongfold to protect the health of people. After initial days of lock down, the police humbly denied this, insightful of the pace of spread of the disease.

Hrishikesh represented bankers in the 'Super Heroes' column featured in Malayala Manorama newspaper.

Consequent upon distribution of pension ,branches of the bank started getting congested with people even in the tough times of covid.Bankers have been trying to be a part of Break the Chain Campaign by imposing restrictions on the number of customers that can enter the premises.

Hrishikesh's introspection as to adhering to social distancing norms for breaking the chain of spread of the pandemic, gave way to the concept of automatic hand sanitizer dispenser which dispensed sanitizer on simply putting hands beneath the machine.His branch manager backed him in the implementation of this inventive concept.

His colleagues Shishir, Asha, Thushara, Asha mil, Reena and Sheeba also encouraged him in his endeavour.

Hrishikesh equipped himself with knowledge about machines which work based on sensor technology and built Sensor based Hand Sanitizer dispenser on Multi Wood Board Stand and it gained enormous recognition from his colleagues and customers.

Deputy Vice President and Regional Head Kannur came to meet him in person in the branch and appreciated him. However Hrishikesh was not contented with the working of the dispenser since it used to become dysfunctional when placed on daylight.
This impairment was due to Infrared rays emitted from sunlight. Then Hrishikesh replaced IR sensor with an Ultrasonic sensor.

The new machine works on the principle that it dispenses sanitizer only when there is deterrence within a predetermined distance. The new sanitizer outsmarts the old sanitizer on the innovation of Hrishikesh and his colleague Ashish who together programmed the chip that enabled it's function.Flow of sanitizer from the bottle is regulated using a solenoid valve.

Initially a submergeable motor was placed within the sanitizer dispenser. In the new version, the motor is placed outside the sanitizer bottle.A tube is placed within and outside the bottle and sanitizer is pumped out using pressure of air to avoid hazards that might arise owing to it being alcohol based.

Hrishikesh came to know about a Bangalore based company which produces better automatic sanitizer dispensers and works well even on exposure to sunlight. He sought advise from them. Mr Saravanan,an officer working with the firm agreed to provide Board based on new technology.

A huge challenge that ensued is supplying power to the sanitizer. Hrishikesh found an antidote for this problem as well.His relative Mr Nikhil who is a TV mechanic provided him with a battery which gives power back up for 3-4 days.

Design of the sanitizer accords well with the branding of Federal Bank. It's buzzer sound and LED indication grabs the attention of customers easily.

Hrishikesh's friends Roopesh, Sooraj Barsa and Ajeesh helped him with the conceptualization and designing of the sanitizer. Federal Bank Staff Union and BEFI extended their wholehearted support in his endeavour. Hrishikesh thankfully remembers worthy contributions of Dr Sunith, Dr Jibin, Dr Arun and Arjun in the materialization of his dream.

Koothuparambu branch of Federal bank has two sanitizer dispensers. Hrishikesh is presently

exploring the possibilities of a sanitizer dispenser with thermal sensor appended along with it which was built by another staff of the bank Mr Manikantan, a native of Thrissur.

Hrishikesh's significant other, Mrs Linsha is a post graduate in Chemistry. They have a one year old daughter, Sanviya.

It is adverse times that give birth to persons of eminence. While the humanity in it's entirety fights against an invisible foe, Mr Hrishikesh who harnesses his skills and vitality for the cause of mankind is indeed a super hero among the bankers fraternity. Talented Bankers Community salutes you and wish the best to happen in your life in the days to come.

We firmly believe that we will never be made to taste the bitterness of failure when great people like you are by our side.

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : റിനു കെ ജോർജ് , ഫെഡറൽ ബാങ്ക്, കൊടകര

English version: Drisya Saseendran , Union Bank of India, Regional Office, Thiruvananthapuram